# പ്രതിബിംബം ചുവക്കുമ്പോൾ

മകൾ കടിക്കപ്പെട്ടു!

വിഷം ബാധിച്ചാർത്തിയെറിയവ
ഒരുപാടലയുന്നെന്നറിഞ്ഞതാണ്...
കാര്യമാക്കിയില്ല,
ഞാൻ സുഖമായിരിക്കുന്നല്ലോ...

പക്ഷേ...
മകൾ കടിക്കപ്പെട്ടിരിക്കുന്നു!
ദേഹി
ചീന്തിയെറിയപ്പെട്ടിരിക്കുന്നു!
ഇനി പ്രതികരിക്കണം...

സ്വമേധയാ കാരണം തിരക്കി.
കടിക്കപ്പെടാത്തവർക്ക്
സഹതാപഭാവങ്ങൾ...
കടിക്കപ്പെട്ടവരിൽ
ചോദ്യങ്ങൾ പ്രതിപതിച്ചു...
പിന്നെ തുടർന്നില്ല,
തെരുവിൽ നേരിട്ടിറങ്ങി.

കാഴ്ചയിൽ ബാധയില്ല...
പിന്നെ കുത്തിവയ്ക്കുന്നതാര്...?
വിശപ്പാറ്റാൻ

Scanned by CamScanner

പ്രകൃതിയൊരുക്കിയ സസ്യങ്ങൾ... ജാലികകൾ...
ഇടക്കിടെ മുറിച്ചുമാറ്റിയതാര്...?
അവയെ ആർത്തിയോടലറിക്കരയിച്ചതാര്...?
പഴിക്കേണ്ടതാരെയെന്ന് സന്ദേഹം.

പിന്തിരിഞ്ഞോടണോ...?
ഒരിക്കലുമില്ല...!
കടിക്കപ്പെട്ടത് മകളാണ്! കടിച്ചതവളും!
നവതലമുറ ജനിക്കാതിരിക്കണം...
അവളെന്ന പെണ്ണിനെ പെണ്ണല്ലാതാക്കണം...!!!

ചോരചുരത്തുന്ന ജനനികൾ
ദയനീയമായോരിയിട്ടു-
'നിങ്ങളെല്ലാം അമ്മയില്ലാതുണ്ടായവരാണോ...?'
മറുപടി തെളിഞ്ഞില്ല... തെളിയിച്ചില്ല...

കാലത്തിന്റെ കണ്ണുകളിൽ പതിഞ്ഞ
നപുംസകവക്രങ്ങൾക്കൊപ്പം
അയാളുടെ ഉളിപ്പല്ലുകൾ
വ്യക്തമായി കാണപ്പെട്ടു...
'വിടവുകളിൽ ചോരക്കറ'!
നിണമിഴികൾ ഒഴുകാൻ തുടങ്ങിയോ...?